III ഇ.ബി. XII-കേരള നിയമസഭ /V-18

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

2007 ജൂലായ് 18, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**I. ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*541, *542, *543) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

**II. അടിയന്തിരപ്രമേയം**

സംസ്ഥാനത്തുണ്ടായ ശക്തമായ പേമാരിയും മണ്ണിടിച്ചിലും പ്രളയവുംമൂലം ജനജീവിതം ദുസ്സഹമായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സുധാകരനും മറ്റ് നാല് അംഗങ്ങളും നൽകിയ അടിയന്തിരപ്രമേയനോട്ടീസിന് റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും മറുപടി നൽകി. പ്രസ്തുത വിഷയം ചർച്ച ചെയ്യാവുന്നതാണെന്നും ബഹുമാനപ്പെട്ട സഭാ

നേതാവും പ്രതിപക്ഷനേതാവുമായി ആലോചിച്ച് ചർച്ചക്കുള്ള സമയം നിശ്ചയിക്കുന്നതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## III. ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാനത്തെ കൊതുകുജന്യരോഗങ്ങളെപ്പറ്റി സമഗ്ര പഠനം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പ്രൊഫ.എൻ.ജയരാജ് ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) സംസ്ഥാനത്തെ നഴ്സറി സ്ക്കൂളുകളുടെമേൽ നിയന്ത്രണങ്ങളേർപ്പെടുത്താനുതകുന്ന നിയമനിർമ്മാണത്തിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.പി. വിശ്വൻ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

## IV. സബ്മിഷൻ

(1). തിരിച്ചറിയൽ കാർഡ് കൈവശമുള്ളവർക്ക് വോട്ടവകാശം നൽകേണ്ടത് സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) ഗൾഫ് നാടുകളിലേയ്ക്കുള്ള വിമാന യാത്രാനിരക്ക് വർദ്ധനവ് സംബന്ധിച്ച് ശ്രീ. ജോസഫ് എം. പുതുശ്ശേരി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(ഇതേ വിഷയം സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപനും നോട്ടീസ് നൽകിയിരുന്നു).

(3) കണ്ണൂർ പവർ പ്രോജക്ട് പ്രാവർത്തികമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) തൃക്കണ്ണാപുരം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം സംബന്ധിച്ച് ശ്രീ. എൻ. ശക്തൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(5) കുണ്ടുമൺ (മൊട്ടക്കാവ്) പാലത്തിന്റെ പണി പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എൻ. അനിരുദ്ധൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(6) പാലക്കാട്-കുളപ്പുള്ളി സ്റ്റേറ്റ് ഹൈവേയിലെ മുടങ്ങിക്കിടക്കുന്ന പണി പുനരാരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ. എം. ഹംസ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(7) മലമ്പുഴ ചേമ്പന അടുപ്പു കോളനിയിലെ ശോചനീയാവസ്ഥ സംബന്ധിച്ച് ശ്രീ. സി. പി. മുഹമ്മദ് ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) വൈദ്യുതി കണക്ഷനുള്ള അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസറുടെ എൻ. ഒ. സി. ലഭ്യമാക്കണമെന്ന നിർദ്ദേശം സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) തിരുവനന്തപുരം ജില്ലയിലെ കയർ തൊഴിലാളികൾ നേരിടുന്ന വിഷമതകൾ സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി മറുപടി നൽകി.

(ഇതേ വിഷയം സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദനും നോട്ടീസ് നൽകിയിരുന്നു).

(10) മണിയാർഡാം കവിഞ്ഞൊഴുകുന്നത് സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(11) കെ. ഐ. പി. കനാലിന്റെ പുറംപോക്ക് ഭൂമിയിലെ കുടിയൊഴിപ്പിക്കൽ സംബന്ധിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(12) മൂവാറ്റുപുഴയിൽ K.S.E.B.യുടെ ട്രാൻസ്മിഷൻ സർക്കിൾ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ശ്രീ. ബാബു പോൾ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

## V. **ധനകാര്യം**

<u>2007-2008 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 847,66,05,000 രൂപയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,00,000 രൂപയും അനുവദിക്കണമെന്ന പ്രമേയം ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 75,55,65,000 രൂപ അനുവദിക്കണമെന്ന പ്രമേയം ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും അവതരിപ്പിക്കുകയും

പ്രമേയങ്ങളെ ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

(1) ശ്രീ. ടി. എൻ. പ്രതാപൻ

(2) ശ്രീ. രാജു എബ്രഹാം

(3) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

(4) ശ്രീ. കെ. രാജു

(5) ശ്രീ. തോമസ് ചാഴികാടൻ

(6) ശ്രീ. കെ. പി. മോഹനൻ

(7) ശ്രീ. വി. സുരേന്ദ്രൻ പിള്ള

(8) ശ്രീമതി പി. അയിഷാ പോറ്റി

(9) ശ്രീ. കെ. ബി. ഗണേഷ് കുമാർ

(10) ശ്രീ. പി. ടി. എ. റഹീം

(11) ശ്രീ. എ.. പ്രദീപ് കുമാർ

(12) ശ്രീ. പി. എം. എ. സലാം

(13) ശ്രീ. എ. എ. അസീസ്

(14) ശ്രീ. എ. എം. ആരിഫ്

(അടിയന്തിരപ്രമേയത്തിൻമേലുള്ള ചർച്ച തുടങ്ങുന്നതിനായി 12.30-ന് ധനാഭ്യർത്ഥനകളുടെ ചർച്ച നിറുത്തിവച്ചു).

<u>അടിയന്തിരപ്രമേയ ചർച്ച</u>

<u>പേമാരിമൂലമുണ്ടായ ദുരന്തം</u>

സംസ്ഥാനത്തുണ്ടായ ശക്തമായ പേമാരിയും മണ്ണിടിച്ചിലും പ്രളയവുംമൂലം ജനജീവിതം ദുസഹമായിരിക്കുന്ന സാഹചര്യത്തെപ്പറ്റിയുള്ള ചർച്ചയിൽ താഴെപ്പറയുന്ന അംഗങ്ങൾ പങ്കെടുത്തു:

1) ശ്രീ. കെ. സുധാകരൻ
2) ശ്രീ. പി. വിശ്വൻ
3) ശ്രീ. ബി. ബാബു പ്രസാദ്
4) ശ്രീ. ബാബു പോൾ
5) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
6) ശ്രീ. വി. ശശികുമാർ
7) ശ്രീ. എം. മുരളി
8) ശ്രീ. എം. വി. ശ്രേയാംസ്കുമാർ
9) ശ്രീ. പി. ജെ. ജോസഫ്
10) ശ്രീ. പി. സി. ജോർജ്
11) ശ്രീ. കെ. കെ. ഷാജു
12) ശ്രീ. പി. എം. എ. സലാം
13) ശ്രീ. കെ. കെ. ജയചന്ദ്രൻ
14) ശ്രീ. എ. എ. അസീസ്
15) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
16) ശ്രീ. യു. സി. രാമൻ
17) ശ്രീമതി ഇ. എസ്. ബിജി മോൾ
18) ശ്രീ. റോഷി അഗസ്റ്റിൻ

19) ശ്രീ. പി. ജയരാജൻ

20) ശ്രീ. സി. പി. മുഹമ്മദ്

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയും ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മറുപടി പറഞ്ഞു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു.

"കഴിഞ്ഞ ഏതാനും ദിവസങ്ങളായി സംസ്ഥാനത്തുടനീളം തുടരുന്ന പേമാരിയിലും ചുഴലിക്കാറ്റിലും ഉരുൾപൊട്ടലിലും കടൽക്ഷോഭത്തിലും വൻ നാശനഷ്ടങ്ങളാണുണ്ടായിട്ടുള്ളത്. ജൂൺ അവസാനം സംസ്ഥാനത്തുണ്ടായ കാലവർഷക്കെടുതിയെത്തുടർന്ന് രൂക്ഷമായി അനുഭവപ്പെട്ട ദുരിതങ്ങൾക്ക് ഒരു ശമനം കണ്ടുതുടങ്ങിയ സന്ദർഭത്തിലാണ് അപ്രതീക്ഷിതമായി വീണ്ടും ദുരന്തം ഉണ്ടായിരിക്കുന്നത്. ഇന്നലെയും ഇന്നുമായി ഔദ്യോഗിക കണക്കനുസരിച്ച് ഇരുപത്തിയൊന്ന് പേർ മരിച്ചു. ജൂൺ മാസത്തിലുണ്ടായ പേമാരിയും ദുരന്തവുംമൂലം മരണമടഞ്ഞവർ ഉൾപ്പെടെ ഇതേവരെ 141-ഓളം പേരാണ് മരണമടഞ്ഞത്. സംസ്ഥാനത്തെല്ലാമായി 250-ഓളം ദുരിതാശ്വാസ ക്യാംപുകൾ പ്രവർത്തിക്കുന്നുണ്ട്. ഇന്നലെ മാത്രം 133 പുതിയ ക്യാംപുകൾ തുറന്നിട്ടുണ്ട്. ഏകദേശ കണക്കനുസരിച്ച് 20,000-ഓളം പേരെ ക്യാപുകളിലേയ്ക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ട്. 1500-ഓളം വീടുകൾ പൂർണ്ണമായും 28000-ഓളം വീടുകൾ ഭാഗീകമായും തകർന്നതായാണ് കണക്കാക്കുന്നത്. ആയിരക്കണക്കിനേക്കർ കൃഷിഭൂമിയിലെ വിളകൾക്ക് നാശനഷ്ടം സംഭവിക്കുകയും കോടിക്കണക്കിന് രൂപയുടെ മറ്റ് നാശനഷ്ടങ്ങളു

ണ്ടാവുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി ലൈനുകൾ, ശുദ്ധജല വിതരണം, വാർത്താവിനിമയ ബന്ധങ്ങൾ ഉൾപ്പെടെ താറുമാറാകുകയും റോഡുകൾ തകർന്നതുമൂലവും വെള്ളം കയറിയതുമൂലവും ഗതാഗത തടസ്സം വലിയ. തോതിൽ നേരിടുകയും ചെയ്തിട്ടുണ്ട്. ആയിരക്കണക്കിന് കുടുംബങ്ങൾ വെള്ളപ്പൊക്ക കെടുതിയിലാണ്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിനായി ജില്ലാ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെയും നേവിയുടെയും ദേശീയ ദുരന്ത നിവാരണ പ്രതികരണ സേനയുടെയും സഹായം ലഭിക്കുന്നുണ്ട്.

കാലവർഷക്കെടുതിയും മറ്റു ദുരന്തങ്ങളും അനുഭവിക്കുന്ന കേരളത്തിലെ ജനങ്ങളെ സഹായിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും അർഹമായ സഹായം ലഭിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു. ഈ വർഷം ജൂണിലുണ്ടായ വൻദുരന്തത്തെത്തുടർന്ന് ഈ സഭ 28-6-2007-ന് ഏകകണ്ഠമായി ഒരു പ്രമേയം അംഗീകരിച്ചിരുന്നു. തുടർന്ന് മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷി നേതാക്കളും എം. പി.മാരുമടങ്ങുന്ന സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ നേരിൽ കണ്ട് നിവേദനം നൽകുകയും കേരളത്തിന് അർഹമായ ദുരിതാശ്വാസം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഇതേവരെ കാര്യമായ യാതൊരു സഹായവും ലഭ്യമായിട്ടില്ല. ഈ സമീപനം തിരുത്തുകയും പകർച്ചപ്പനിയും മറ്റുമായി ദുരിതം അനുഭവിക്കുന്ന സംസ്ഥാനത്തെ ജനങ്ങൾക്ക് കാലവർഷക്കെടുതിമൂലം ഉണ്ടായിരിക്കുന്ന കൊടിയ ദുരന്തംകൂടി കണക്കിലെടുത്ത് അർഹമായ കേന്ദ്ര സഹായം അടിയന്തിരമായി നൽകാൻ

കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. അടിയന്തിര ചെലവുകൾക്കായി 250 കോടി രൂപയെങ്കിലും സംസ്ഥാനത്തിന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഉടനടി അനുവദിക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു".

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

അഭൂതപൂർവ്വമായ കാലവർഷക്കെടുതിയാണ് സംസ്ഥാനത്തുണ്ടായിരിക്കുന്നതെന്നും കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനും പുനരധിവസിപ്പിക്കാനും ഒറ്റക്കെട്ടായി രംഗത്തിറങ്ങേണ്ടതുണ്ടെന്നും ഇന്ന് ഈ സഭയിൽ നടന്ന ചർച്ചയും തീരുമാനങ്ങളും അതിന് സഹായകരമാകുമെന്നും ബഹുമാനപ്പെട്ട സ്പീക്കർ അഭിപ്രായപ്പെട്ടു.

**ധനകാര്യം (തുടർച്ച)**

15) ശ്രീ. പി. സി. വിഷ്ണുനാഥ്

16) ശ്രീ. എം. കെ. പുരുഷോത്തമൻ

17) ശ്രീ. വി. എസ്. സുനിൽ കുമാർ

18) ശ്രീ. പി. വിശ്വൻ

19) ശ്രീ. കെ. ശിവദാസൻ നായർ

ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയ്ക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും മറുപടി നൽകി.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർ ത്ഥനയും 25-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച് ചർച്ച കൂടാതെ പാസ്സാക്കേണ്ട സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയും സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ ധനകാര്യ വകുപ്പുമന്ത്രി ഡോ: തോമസ് ഐസക്ക് മേശപ്പുറത്തുവച്ചു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**അറിയിപ്പ്**

സംസ്ഥാനത്തുണ്ടായ പ്രകൃതിദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നിയമസഭാംഗങ്ങൾ നേതൃത്വം നൽകേണ്ടതുണ്ടെന്നും ഇന്ന് കക്ഷി നേതാക്കളുമായുണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ ജൂലായ് മാസം 20-ാം തീയതി വെള്ളിയാഴ്ച സഭ ചേരുന്നതല്ലെന്നും സഭ പിരിഞ്ഞാലുടൻ ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറേറ്റുമായി ചേർന്ന് നിയമസഭാ സമുച്ചയത്തിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്ന പരിപാടിയുടെ ഉത്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കൂടി നിർവ്വഹിക്കുന്നതാണെന്നും നിയമസഭാ മന്ദിരത്തിന്റെ വടക്ക് വശത്ത് നടത്താനുദ്ദേശിക്കുന്ന പ്രസ്തുത ചടങ്ങിൽ എല്ലാ നിയമസഭാംഗങ്ങളും ഓരോ ഔഷധ സസ്യച്ചെടി നട്ടുകൊണ്ട് പങ്കെടുക്കണമെന്നും എല്ലാ അംഗങ്ങൾക്കും ഓരോ ചന്ദന മര തൈ വീട്ടിൽ കൊണ്ടുപോകാൻ വിതരണം ചെയ്യുന്നതായിരിക്കുമെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

സംസ്ഥാനത്ത് രണ്ട് ദിവസമായി തുടരുന്ന കാലവർഷക്കെടുതിയിലും പ്രകൃതി ദുരന്തത്തിലും ജീവൻ നഷ്ടപ്പെട്ടവരുടെ വേർപാടിൽ സഭ ദു:ഖവും അനുശോചനവും രേഖപ്പെടുത്തി.

(മരണപ്പെട്ടവരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു).

2007 ജൂലായ് മാസം 19-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 5.34-ന് പിരിഞ്ഞു.